LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷൻ

131(1495) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ തരത്തിൽ അളന്ന് തിട്ടപ്പെടുത്തിയ സർവ്വേ നമ്പർ 724-ൽ പ്പെട്ട 22 സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ആയതിനാൽ പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ തരത്തിൽ അളന്ന് തിട്ടപ്പെടുത്തിയ സർവ്വേ നമ്പർ 724-ൽപ്പെട്ട 22 സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ആയതി നാൽ പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ

132 (1496) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വാട്ടർ ടെണ്ടർ, ജീപ്പ്, ബുള്ളറ്റ് വിത്ത് വാട്ടർമിസ്റ്റ്, വാട്ടർ ലോറി എന്നീ അഗ്നിരക്ഷാ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കാട്ടുതീ, ഉറസ്സായ സ്ഥലങ്ങളിൽ പടരുന്ന തീ എന്നിവ കെടുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വടക്കാഞ്ചേരി ഫയർ സ്റ്റേഷനിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

നിലവിൽ ഉണ്ട്.